(ബി)	24.5.95	–	10,000
	22.11.95	–	2,000
	29.5.96	–	2,000
	4.12.96	–	25,000
	21.6.97	–	15,000
	ആകെ	–	54,000

(സി) ഇക്കാര്യം അന്വേഷിച്ചുവരികയാണ്.

(ഡി) സഹകരണ സംഘം ഇൻസ്പെക്ടർ ശ്രീ.കെ.എ.ഹമീദ് (ഇ&എഫ്)നടപടി സ്വീകരിച്ചുവരുന്നു.

141 (1050) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും സംഘങ്ങൾ പൊതുമരാമത്തു വകുപ്പിൽ നിന്നും ഏറ്റെടുത്ത പ്രവർത്തി സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്തു കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംഘങ്ങളുടെ പേരു വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 എണ്ണം.

(ബി) 2 എണ്ണം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

142 (1051) സഹകരണ സംഘങ്ങളുടെ പ്രവർത്തനം

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല വായ്പാ സഹകരണ സംഘങ്ങളും, ബാങ്കുകളും ഷെയർ ഉടമകൾക്ക് യഥാസമയം ലാഭവിഹിതം നൽകുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) സഹകരണ വകുപ്പു നടപ്പിലാക്കിയ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ റിലീഫ് സ്കീം പ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യം നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly